# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4729

19.05.2017-ൽ മറുപടിയ്ക്ക്

## സ്കൂളുകളിലെ ഫിലിം ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വിദ്യാർത്ഥികളിൽ ചലച്ചിത്രങ്ങൾ ആസ്വദിക്കുന്നതിനും നിർമ്മിക്കുന്നതിനും പ്രചോദനം നൽകുന്നതിനുവേണ്ടി സ്കൂളുകളിലെ കുട്ടികളുടെ ഫിലിം ക്ലബ്ബുകൾക്ക് ലോകോത്തര സിനിമകളും ഹ്രസ്വചിത്രങ്ങളും ഉൾപ്പെടെയുള്ളവയുടെ സി.ഡി.കൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദീകരിക്കുമോ; | (എ) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ സഹകരണത്തോടുകൂടി നടത്തുന്ന സ്ക്രീനിംഗുകൾക്ക് അക്കാദമി നേരിട്ട് സിനിമകളുടെ സി.ഡി ലഭ്യമാക്കുന്നതാണ്. |
| (ബി) ചലച്ചിത്ര നിർമ്മാണം, തിരക്കഥാ രചന, ഗാനരചന തുടങ്ങിയവയും ചലച്ചിത്ര നിർമ്മാണത്തിന്റെ സാങ്കേതിക വശങ്ങളും കുട്ടികൾക്ക് മനസ്സിലാക്കുന്നതിന് സഹായകമായ പദ്ധതികൾ തയ്യാറാക്കുമോ; എങ്കിൽ വിശദീകരിക്കുമോ? | (ബി) കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി എല്ലാ വർഷവും വേനൽ അവധിക്കാലത്ത് ഹൈസ്കൂൾ കുട്ടികൾക്കായി മൂന്ന് ജില്ലകളിലായി റസിഡൻഷ്യൽ ഫിലിം അപ്രിസിയേഷൻ ക്യാമ്പുകൾ നടത്തി വരുന്നു. ചലച്ചിത്ര നിർമ്മാണം, തിരക്കഥാ രചന, ഗാനരചന തുടങ്ങിയവയും ചലച്ചിത്ര നിർമ്മാണത്തിന്റെ സാങ്കേതിക വശങ്ങളും കുട്ടികൾക്ക് മനസ്സിലാക്കുന്നതിന് സഹായകരമായ തരത്തിലാണ് ഈ ക്യാമ്പുകൾ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ